**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 698** **13-10-2026-ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ കേന്ദ്രാവിഷ്കൃത കമ്പ്യൂട്ടറൈസേഷൻ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയിൽ കേരളം പങ്കാളിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കേന്ദ്രസർക്കാർ ആവിഷ്കരിച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയിൽ കേരളം പങ്കാളിയായിട്ടില്ല.

കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ കേരളത്തിലെ PACS-കളുടെ വൈവിധ്യമാർന്ന പ്രവർത്തനം ഉൾക്കൊള്ളാൻ പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമാകാതിരുന്നത്.

**(ബി)** 2925.39 കോടി രൂപ കേന്ദ്രം വകയിരുത്തിയ പ്രസ്തുത പദ്ധതിയിൽ കേരളം പങ്കുചേർന്നിട്ടില്ലെങ്കിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തെ വിവിധ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ജില്ലാ സംസ്ഥാനതല സഹകരണ ബാങ്കുകൾക്കും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിക്ക് പകരം സംസ്ഥാന സർക്കാർ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ആയതിലേക്ക് എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാരിന് ചെലവായത്; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ സഹകരണ മേഖലയുടെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. യൂണിഫോം സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് 08.10.2025-ലെ G.O. (Rt) No.433/2025/Co-Op നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കി 03.11.2025-ന് e-tender website-ൽ പ്രസിദ്ധീകരിച്ചിരുന്നു.

പദ്ധതി tendering stage -ൽ ആയതിനാൽ ഈ പദ്ധതിക്കായി തുകയൊന്നും ചെലവാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന് പദ്ധതി - പുതിയ പ്രൊപ്പോസലിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.433/2025/Co-Op തീയതി,തിരുവനന്തപുരം, 08-10-2025

---

പരാമർശം:-

1. 07.12.2018-ലെ സ. ഉ.(അച്ചടി) നം. 188/2018 ധന ഉത്തരവ്.
2. 11.09.2023-ലെ സ.ഉ(സാധാ) നം.531/2023/സഹ ഉത്തരവ്.
3. 24.04.2024-ലെ സ.ഉ.(സാധാ) നം.201/2024/സഹ ഉത്തരവ്.
4. 28.10.2024-ലെ സഹകരണ സംഘം രജിസ്ട്രാറുടെ RCS/4554/2018-IT4-Part(1) നമ്പർ കത്ത്.
5. ടാറ്റാ കൺസൾട്ടൻസി സർവ്വീസസിൽ നിന്നുള്ള 21.10.2024-ലെ കത്ത്
6. 20.01.2025-ലെ സ.ഉ.(സാധാ) നം.35/2025/സഹ ഉത്തരവ്.
7. 01.04.2025-ലെ സഹകരണ സംഘം രജിസ്ട്രാറുടെ RCS/60/2025-IT(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ (PACS) പ്രവർത്തനം സുഗമമാക്കുന്നതിനും സുതാര്യത ഉറപ്പ വരുത്തുന്നതിനുമായി ഏകീകൃത സോഫ്റ്റ്‌വെയർ (Common Software) നടപ്പാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ നടപടികളിലൂടെ ടാറ്റാ കൺസൾട്ടൻസി സർവ്വീസസിനെ തിരഞ്ഞെടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി പരാമർശം-2 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. Request for Proposal (RFP) പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് (TCS) സമർപ്പിച്ചിട്ടുള്ള 206,43,73,164/- രൂപയുടെ ടെണ്ടറിന് (Price Bid) പരാമർശം-3 ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി.

2. **TCS**-മായുള്ള കോമൺ സോഫ്റ്റ്‌വെയറിന്റെ Request for Proposal (RFP), Master Service Agreement (MSA) എന്നിവയുടെ തുടർപരിശോധനകളിൽ ഒരു പ്രധാന പ്രശ്നമായി കണ്ടത്, PACS-കളും നിലവിലെ Software vendors - ഉം തമ്മിൽ കൃത്യതയാർന്ന എഗ്രിമെന്റ് ഇല്ലാത്തതിനാൽ ഏത് രീതിയിൽ Data സംരക്ഷിച്ച് പദ്ധതിയുടെ ഭാഗമാകാൻ PACS-കളെ സജ്ജമാക്കും എന്നതും Source Code, Application/ Data hosting സംബന്ധിച്ചുള്ള

അവ്യക്തതയും നിലനിൽക്കുന്നതായിരുന്നു. ഈ സാഹചര്യത്തിൽ പുതിയ RFP സമയബന്ധിതമായി തയ്യാറാക്കി മുന്നോട്ട് പോകുന്നതാകും ഉചിതമെന്ന് പരാമർശം-4 പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അറിയിക്കുകയുണ്ടായി. അതേസമയം, പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് (TCS) സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പിൻവലിക്കുന്നതായും E-tenderനായി 27.04.2022-ൽ സമർപ്പിച്ച പ്രൊപ്പോസലും തുടർന്ന് 02.05.2024-ൽ ലഭിച്ച Letter of Intent ഉം പിൻവലിക്കുന്നതായും അറിയിക്കുകയുണ്ടായി. ടെണ്ടർ നടപടികളുടെ ഭാഗമായി സമർപ്പിച്ചിട്ടുള്ള Earnest Money Deposit ആയ ഒരു കോടി രൂപ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും TCS-മായി ചേർന്ന് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നപക്ഷം പുതുക്കിയ ഫിനാൻഷ്യൽ ബിഡ്ഡുമായി മാത്രമേ മുന്നോട്ടു പോകാൻ സാധിക്കുവെന്നും പരാമർശം-5 പ്രകാരം ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് അറിയിക്കുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതിനു ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് പരാമർശം-6 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ യോഗത്തിൽ, ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സമർപ്പിച്ച പദ്ധതിക്ക് പകരമായി സഹകരണ സംഘം രജിസ്ട്രാർ ഒരു പുതിയ പദ്ധതി മുന്നോട്ടുവയ്ക്കുകയും പ്രസ്തുത നിർദ്ദേശം പരിഗണിച്ച സമിതി പുതിയ പദ്ധതിയുടെ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ രജിസ്ട്രാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. സമിതിയുടെ നിർദ്ദേശത്തെത്തുടർന്ന് പരാമർശം-7 പ്രകാരം ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള പുതിയ പദ്ധതിയുടെ പ്രൊപ്പോസൽ സഹകരണ സംഘം രജിസ്ട്രാർ സമർപ്പിക്കുകയുണ്ടായി.

4. TCS, പദ്ധതിയിൽ നിന്നും സ്വയം പിന്മാറിയതിനാൽ 2024 ഏപ്രിൽ 24-ന് TCS-ന്റെ ഫിനാൻഷ്യൽ ബിഡിന് അംഗീകാരം നൽകിക്കൊണ്ടുള്ള പരാമർശം-2 ഉത്തരവിന്റെ സാധുത ഇല്ലാതായതിനാലും TCS ന്റെ Letter of Interest-ൽ സൂചിപ്പിച്ചിരുന്ന എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി കഴിഞ്ഞതിനാലും പരാമർശം-1 ലെ ഉത്തരവുപ്രകാരം സിവിൽ വർക്കുകൾ ഒഴികെയുള്ള ഭരണാനുമതികളുടെ കാലാവധി അത് അനുവദിച്ച സാമ്പത്തിക വർഷാവസാനം വരെ മാത്രമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും, പുതിയ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനു തടസ്സമില്ലെന്നും രജിസ്ട്രാർ സമർപ്പിച്ച പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനുള്ള ഭരണാനുമതിയും പദ്ധതിക്കുള്ള ഗ്യാപ് അനാലിസിസ് നടത്തുന്നതിനായി വെണ്ടറെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് പദ്ധതിയിൽ നിന്നും സ്വമേധയാ പിന്മാറിയതിനാലും പരാമർശം-1 ലെ വ്യവസ്ഥകൾ പരിഗണിക്കുമ്പോൾ TCS-ന് അനുവദിച്ച കരാർ കാലാവധി അവസാനിച്ചതായി ബോധ്യപ്പെട്ടതിനാലും പ്രാഥമിക കാർഷിക വായ്പാ സഹകരണ

സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പുതിയ പ്രൊപ്പോസൽ പരിഗണിക്കാവുന്നതായി കാണുന്നു. മേൽ സാഹചര്യത്തിൽ:

(i) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്ന പദ്ധതി നടത്തിപ്പിൽ നിന്നും ടാറ്റാ കൺസൾട്ടൻസി സർവ്വീസസിനെ ഒഴിവാക്കിയും പ്രസ്തുത സ്ഥാപനം EMD ആയി സമർപ്പിച്ച തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്കു അനുമതി നൽകിയും ഉത്തരാവാകുന്നു.

(ii) സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ച ഏകീകൃത സോഫ്റ്റ് വെയർ പദ്ധതിയുടെ പുതിയ പ്രൊപ്പോസലുമായി മുന്നോട്ട് പോകുന്നതിനു സഹകരണ സംഘം രജിസ്ട്രാർക്ക് ഭരണാനുമതി നൽകിയും പ്രസ്തുത പദ്ധതിക്കുള്ള ഗ്യാപ് അനാലിസിസ് നടത്തുന്നതിനായി വെണ്ടറെ തിരഞ്ഞെടുക്കുന്നതിന്, സഹകരണ സംഘം രജിസ്ട്രാർക്ക് അനുവാദം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
ഹെഡ് ഓഫ് സെയിൽ ആൻഡ് റിസേർച്ച്- സ്റ്റേറ്റ് ഗവണ്മെന്റ് സർവീസസ്,
ടാറ്റാ കൺസൾട്ടൻസി സർവ്വീസസ്, (RCS മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് (എ/ഇ), കേരള
ധനകാര്യ വകുപ്പ് (Vide E 2339353 Agri-C1/29/2023-FIN)
ഇൻഫർമേഷൻ ഓഫീസർ വെബ് ആൻഡ് ന്യൂ മീഡിയ, I&PRD
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ
ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ചീഫ് സെക്രട്ടറിയുടെ OSD യ്ക്ക്
3. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്